**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 272** **16-09-2025 - ൽ മറുപടിയ്ക്ക്**

**ആശ പദ്ധതിയുടെ മാർഗ്ഗരേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ആശ പദ്ധതിയുടെ മാർഗ്ഗരേഖയിൽ ആശ സന്നദ്ധ പ്രവർത്തകയായ ഒരു വനിതയായിരിക്കണമെന്നും കുറഞ്ഞത് പത്താം ക്ലാസ് യോഗ്യതയുണ്ടായിരിക്കണമെന്നും സംസ്ഥാനങ്ങൾ ഈ മാനദണ്ഡങ്ങളിൽ യാതൊരുവിധ പരിഷ്കരണവും വരുത്തുവാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) | ആശയായി തെരഞ്ഞെടുക്കപ്പെടുന്നവർ കമ്മ്യൂണിറ്റി ഹെൽത്ത് വോളന്റിയർമാരാണ്. കൂടാതെ സമൂഹത്തിനും ആരോഗ്യ സേവനങ്ങൾക്കും ഇടയിലുള്ള ഒരു കണ്ണിയായി പ്രവർത്തിക്കാൻ പരിശീലനം നേടിയവരുമാണ്. കേന്ദ്ര സർക്കാർ സ്കീം പ്രകാരം പ്രവർത്തിക്കുന്നതിനാൽ ഇവരെ സ്കീം വർക്കേഴ്സ് എന്നും പറയാറുണ്ട്. ആശ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ആശയെ വിഭാവനം ചെയ്തിട്ടുള്ളത് ഒരു വനിതാ വോളണ്ടിയർ (Women Volunteer) എന്നാണ്. സംസ്ഥാന സർക്കാരിന് ആശമാരെ സംബന്ധിക്കുന്ന പല മാനദണ്ഡങ്ങളിലും മാറ്റങ്ങൾ വരുത്താൻ സാധിക്കുമെങ്കിലും, ആശ ഒരു വനിത വോളണ്ടിയർ ആയിരിക്കുമെന്ന അടിസ്ഥാന മാനദണ്ഡത്തിൽ യാതൊരു മാറ്റവും വരുത്താൻ പാടില്ല എന്ന് കേന്ദ്ര സർക്കാർ നിബന്ധന വച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ആശ വർക്കർമാർക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന പ്രതിമാസ ഓണറേറിയം, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ നൽകിവരുന്ന ഫിക്സഡ് ഇൻസെന്റീവ് എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ആശമാർക്ക് പ്രതിമാസ ഹോണറേറിയം 7000 രൂപയാണ് നൽകിവരുന്നത്. ഇത് മുഴുവനായും സംസ്ഥാന വിഹിതമാണ്. 2018 മുതൽ ആശമാർക്ക് നിബന്ധനകൾക്ക് വിധേയമായി 2000 രൂപ ഫിക്സഡ് ഇൻസെന്റീവ് നൽകിവരുന്നു. 2024 ഒക്ടോബർ മുതൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് 1000 രൂപ ഫിക്സഡ് ഇൻസെന്റീവ് അനുവദിക്കുകയും ഇതടക്കം നിലവിൽ ആശമാർക്ക് 3000 രൂപ ഫിക്സഡ് ഇൻസെന്റീവ് നൽകി വരുന്നു. പെർഫോർമൻസ് ഇൻസെന്റീവ് എന്നത് ആശയുടെ പ്രവർത്തനത്തിനനുസരിച്ചാണ് ലഭിക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങളും ഇൻസെന്റീവ് |

| | | | |
|---|---|---|---|
| | | | ആയി ലഭിക്കുന്ന തുകയും **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | ഈയിനത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുള്ള വിഹിത കുടിശിക എത്രയാണെന്ന് അറിയിക്കാമോ; | (സി) | 2023-24 സാമ്പത്തിക വർഷം ആശ ഇൻസെന്റീവ് ഇനത്തിൽ കേന്ദ്രം അംഗീകരിച്ച 112.73 കോടി യിൽ കേന്ദ്ര വിഹിതമായ 67.6 കോടി രൂപയാണ് ആ വർഷം കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുണ്ടായിരുന്ന വിഹിത കുടിശിക. |
| (ഡി) | ആശ വർക്കർമാർക്ക് ഓണറേറിയവും ഫിക്സഡ് ഇൻസെന്റീവും മറ്റുമായി പ്രതിമാസം ശരാശരി എത്ര തുക ലഭ്യമാകുന്നുണ്ടെന്ന് അറിയിക്കാമോ; | (ഡി) | പ്രതിമാസ ഹോണറേറിയം 7000 രൂപയും സേവനങ്ങൾക്കനുസരിച്ച് വിവിധ സ്കീമുകളിലൂടെ 3,000 രൂപ വരെ മറ്റ് ഇൻസെന്റീവുകളും, 3000 രൂപ ഫിക്സഡ് ഇൻസെന്റീവും ലഭിക്കുന്നുണ്ട്. എല്ലാം കൂടി നന്നായി സേവനം നടത്തുന്നവർക്ക് 13,000 രൂപ വരെ പ്രതിമാസം ലഭിക്കുന്നു. |
| (ഇ) | സംസ്ഥാനത്തെ ആശ വർക്കർമാരുടെ എണ്ണം, ഓണറേറിയം, ഇൻസെന്റീവ് എന്നിവ ദേശീയ ശരാശരിയുമായി താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിവരിക്കുമോ? | (ഇ) | താരതമ്യ പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നമ്പർ | ഇൻസെന്റീവ് | ഇൻസെന്റീവ് തുക (രൂപ) |
|---|---|---|
| 1 | ജെ.എസ്സ്.വൈ-1 | 300/- ഗ്രാമ പ്രദേശങ്ങളിൽ<br>200/- നഗര പ്രദേശങ്ങളിൽ |
| 2 | ജെ.എസ്സ്.വൈ-2 | 300/- ഗ്രാമ<br>പ്രദേശങ്ങളിൽ<br>200/- നഗര പ്രദേശങ്ങളിൽ |
| 3 | HBNC( Home Based New Born Care ) - ഭവന കേന്ദ്രീകൃത നവജാത ശിശു പരിപാലനം (45 ദിവസത്തെ തുടർ പരിചരണത്തിന്) | ഒരു കുട്ടിക്ക് 250/- വീതം |
| 4 | HBYC ( Home Based care for Young Child) ഭവന കേന്ദ്രീകൃത ശിശു പരിപാലനം | ഓരോ സന്ദർശനത്തിനും 50 /- രൂപാ വീതം |
| 5 | MAA Programme | ക്വാർട്ടർലി<br>100/- വീതം |
| 6 | NRC- ന്യൂട്രീഷണൽ റീഹാബിലിറ്റേഷൻ സെന്റർ റിയിലേക്ക് റഫർ ചെയ്യുന്നതിന് | ഒരു കുട്ടിക്ക് 50/- വീതം |
| 7 | NRC- ന്യൂട്രീഷണൽ റീഹാബിലിറ്റേഷൻ സെന്റർ യിൽൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത കുട്ടിയുടെ തുടർപരിചരണത്തിനായി ഭവന സർന്ദർശനം നടത്തുന്നതിന് | ഒരു കുട്ടിക്ക് 100/- വീതം |
| 8 | NDD- ദേശീയ വിരവിമുക്ത പരിപാടി | 100/-<br>വർഷത്തിൽ 2 പ്രാവശ്യം |
| 9 | IDCF - ഇന്റെൻസിഫൈഡ് ഡയറിയ കൺട്രോൾ ഫോർട്ട്നൈറ്റ് | 100/-<br>വർഷത്തിൽ |
| 10 | NIPI- National Iron Plus Initiative (കുട്ടികൾക്ക്) | മാസത്തിൽ 100/- |
| 11 | NIPI- National Iron Plus Initiative (സ്ത്രീകൾക്ക്) | മാസത്തിൽ 50/- |
| 12 | പ്രതിരോധ കുത്തിവെയ്പുകൾ & വിറ്റാമിൻ എ | ഒരു കുട്ടിക്ക് 20/- വീതം |
| 13 | പൂർണ്ണപ്രതിരോധ കുത്തിവെയ്പുകൾ (ഒരു വയസ്സുവരെ) | ഒരു കുട്ടിക്ക് 100/- വീതം |
| 14 | പൂർണ്ണപ്രതിരോധ കുത്തിവെയ്പുകൾ (രണ്ട് വയസ്സുവരെ) | ഒരു കുട്ടിക്ക് 50/-<br>വീതം. |
| 15 | 5 -6 വയസ്സിനുള്ളിലുള്ള ഡി പി ടി ബൂസ്റ്റർ | ഒരു കുട്ടിക്ക് 50/- വീതം |
| 16 | വന്ധ്യംകരണ ശസ്ത്രക്രിയ/പി പി എസ് | ഒരു കേസിന് 150/- (സ്ത്രീ)<br>ഒരു കേസിന് 200/- (പുരുഷൻ) |

| | | |
|---|---|---|
| 17 | PPIUCD- ( Post-Partum Intrauterine Contraceptive Device ) സർക്കാർ/സ്വകാര്യ | ഒരു കേസിന് 150/- |
| 18 | PAIUCD- ( Post-Abortion Intrauterine Contraceptive Device ) സർക്കാർ/സ്വകാര്യ | ഒരു കേസിന് 150/- |
| 19 | ഗർഭ നിരോധന ഇഞ്ചക്ഷൻ ( ANTARA ) | ഗർഭ നിരോധന ഇഞ്ചക്ഷൻ (ANTARA ) ഒരു ഗുണഭോക്താവിന് ഒരു ഡോസിന് 100 രൂപ |
| 20 | പഞ്ചായത്ത് /ആശുപത്രിതല അവലോകന യോഗം | 100/- |
| 21 | ശൈലി<br>(State Health Initiative for Life Style Intervention)<br>(വർഷികാരോഗ്യ പരിശോധന ) | 5/- ( ഒരാൾക്ക് )<br>പുതിയ ആളുകളെ സ്ക്രീൻ ചെയ്യുന്നതിന് |
| 22 | NPCB- National Programme for Control of Blindness | 200/- |
| 23 | NLEP- National Leprosy Eradication Programme | 250/- അല്ലെങ്കിൽ 200/- |
| 24.a | NLEP- National Leprosy Eradication Programme | 400/- (പി.ബി കേസ്) |
| 24.b | NLEP- National Leprosy Eradication Programme | 600/-(എം.ബി കേസ്) |
| 25 | മൊബൈൽ ഫോൺ അലവൻസ് | 200/- |
| 26 | പി എം ജെ ജെ ബി വൈ | 436/- വർഷത്തിലൊരിക്കൽ |
| 27 | പി എം എസ് ബി വൈ | 20/- വർഷത്തിലൊരിക്കൽ |
| 28 | പി എം എസ് വൈ എം | പ്രായത്തിനനുസരിച്ച് പരമാവധി 200/- രൂപ വരെ |
| 29 | Child Death<br>Incentive (ശിശു മരണം) | ഒരു കുട്ടിക്ക് 50 രൂപ വീതം |
| 30 | PMSMA – Pradhan Mantri Surakshit Matritva Abhiyan (പ്രത്യേക ശ്രദ്ധ ആവശ്യമുള്ള ഗർഭിണികളുടെ പരിചരണം (ഹൈ റിസ്ക്ക് പ്രഗ്നൻസി) | ഒരു കേസിന് 100 രൂപ |
| 31 | PMSMA – Pradhan Mantri Surakshit Matritva Abhiyan (പ്രത്യേക ശ്രദ്ധ ആവശ്യമുള്ള ഗർഭിണികളുടെ പരിചരണം (ഹൈ റിസ്ക്ക് പ്രഗ്നൻസി) | ഒരു കേസിന് 500 രൂപ |
| 32 | Post-Natal Care for High Risk Mothers during HBNC ( പ്രത്യേക ശ്രദ്ധ ആവശ്യമുള്ള അമ്മമാരുടെ പരിചരണം) | ഒരു കേസിന് 250 രൂപ |
| 33 | എൻ.ഐ.ഡി.ഡി .സി പ്രോഗ്രാം ( കൊല്ലം , പാലക്കാട് ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിൽ ) | 25/- |
| 34 | ABHA ID Creation | 10/- |
| 35 | സമ്പൂർണ്ണ മാനസിക ആരോഗ്യ പരിപാടി | 200/<br>( ഒരാൾക്ക് ) |
| 37 | എൻ. ഡി. സി. പി. പ്രോഗ്രാം | ഔട്ട് ബ്രേക്ക് നടക്കുന്ന സ്ഥലങ്ങളിലെ ആശമാർക്ക് മാത്രം മാസത്തിൽ 250 രൂപ |